**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **06-10-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംരംഭക സഹായ പദ്ധതി എപ്രകാരം ഉപകാരപ്രദമായെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലകളിലെ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലും സംരംഭക സഹായ പദ്ധതി പ്രത്യേക പങ്ക് വഹിക്കുന്നു. മേൽ പദ്ധതിയിലൂടെ ഉത്പാദന മേഖലയിലെ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി സഹായം സംരംഭത്തിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ ഉദാരമാക്കുന്നു. സംരംഭം ആരംഭിക്കുന്ന അവസരത്തിൽ ലഭ്യമാകുന്ന സാമ്പത്തികസഹായം ഭാവി പ്രവർത്തനം ഫലപ്രദമായി ആസൂത്രണം ചെയ്ത് സംരംഭം വിജയകരമാക്കുന്നതിന് സംരംഭകരെ സഹായിക്കുന്നു |
| (ബി) | സാധാരണ ജനങ്ങൾക്ക് വളരെ അവസരങ്ങൾ ലഭിക്കുന്ന സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ വിശദമാക്കാമോ; | (ബി) | **<u>സംരംഭക സഹായ പദ്ധതി (ESS)</u>**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br>**<u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>**<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു.<br><br>**<u>നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി</u>**<br><br>വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണിഗ്രാന്റ് നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നു.<br><br>**<u>നിലവിലുള്ള എം.എസ്.എം. ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി</u>**<br><br>നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.<br><br>മേൽ പദ്ധതി പ്രകാരം വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ വരെയും, സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെയും, ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ വരെയും പലിശയിളവ് നൽകുന്നു.<br><br>**<u>തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)and cashew processing units)</u>**<br><br>2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധിവാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ-കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്ന തിനുള്ള പദ്ധതി"എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം |

തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

**<u>സ്വകാര്യ വ്യവസായ പാർക്ക്</u>**

വ്യവസായത്തിനുള്ള സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വകര്യ വ്യവസായ പാർക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഡെവലപ്പർ പെർമിറ്റ് ലഭിച്ച സംരംഭകർ രണ്ട് വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ. സജ്ജമാക്കേണ്ടതാണ്. കൂടാതെ ഒരു ഏക്കറിന് 30 ലക്ഷം രൂപ (പരമാവധി 3 കോടി വരെ ) നിരക്കിൽ സ്വകാര്യ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ ധനസഹായം reimbursement ആയി നൽകുന്നുണ്ട്. വ്യവസായ പാർക്കുകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ വ്യവസായ പാർക്കിനും പ്രത്യേകം Single window clearance board കൾ രൂപീകരിച്ച് നൽകുന്നുണ്ട്.

**<u>ക്യാമ്പസ് വ്യവസായ പാർക്ക്</u>**

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാന ഉടനീളമുള്ള ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതു വഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 16/2024/വ്യവ തീയതി.29.02.2024 പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

**<u>ഗാല (റൂൾ ജി.ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി തീയതി 13.10.2023)</u>**

കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ വാണിജ്യ വകുപ്പിന് കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്ന തിലേക്കായി 2023-ൽ പുതിയ ഗാല (റൂൾ ജി.ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി തീയതി 13.10.2023) നിലവിൽ വന്നു. ഈ പദ്ധതിയിൽ ധനസഹായം നൽകുന്നത് പൂർണമായും സംസ്ഥാന സർക്കാരാണ്.

**<u>ഡെവലപ്മെന്റ് ഏരിയ / പ്ലോട്ട്</u>**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഡെവലപ്മെന്റ് ഏരിയ / പ്ലോട്ടുകളിലെ 40 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**<u>കരകൗശല മേഖലക്കുള്ള സഹായ പദ്ധതി (ആശ പദ്ധതി)</u>**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്; കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീസംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾ ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും, ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായ തുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് ആശ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

**പദ്ധതിയുടെ സവിശേഷതകൾ**

- പൊതുവിഭാഗങ്ങൾക്ക് -സ്ഥിര ആസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.
- സ്ത്രീകൾ/ പട്ടികജാതി / പട്ടികവർഗ്ഗക്കാർ/ യുവതി യുവാക്കൾ / ഭിന്നശേഷിക്കാർ - സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/ പട്ടികജാതി / പട്ടികവർഗ്ഗക്കാർ/ യുവതി യുവാക്കൾ / ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ പ്രധാന പദ്ധതികളിലൂടെ പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംരംഭക സഹായ പദ്ധതിയിലൂടെ 3431 അപേക്ഷകളിലായി 20355.75 ലക്ഷം രൂപ സബ് സിഡിയായി അനുവദിച്ചിട്ടുണ്ട്.

നാനോയൂണിറ്റുകൾക്ക് നൽകുന്ന മാർജിൻമണി ഗ്രാന്റ് പദ്ധതിയിലൂടെ 1813 ഗുണഭോക്താക്കൾക്കായി 4994.31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലൂടെ 3375 അപേക്ഷകളിലായി 543.01 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ 9198 യൂണിറ്റുകൾക്കായി 20492.58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പി.എം.എഫ്.എം.ഇ മുഖേന നൽകിയ സബ്സിഡി വിവരങ്ങൾ

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതി കെ- ബിപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

| സാമ്പത്തിക വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര സബ്സിഡി (രൂപയിൽ) | സംസ്ഥാന സബ്സിഡി (രൂപയിൽ) | ആകെ സബ്സിഡി അനുവദിച്ചത് (രൂപയിൽ) |
|---|---|---|---|---|
| 2021-2026 | 5692 | 86,90,22,032.40 | 57,93,47,990.60 | 1,44,83,70,023 |

**<u>സ്വകാര്യ വ്യവസായ പാർക്ക്</u>**

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി GO. (MS) 31/2022/ID തീയതി 02/04/2022 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതി പ്രകാരം 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ല (3) എണ്ണം മെ. കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്ക്, മെ ഫെദർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡ്, മെ. ഹൈടെക് ഇൻഡസ്ട്രിയൽ പാർക്ക്. ഇടുക്കി ജില്ല (1) എണ്ണം മെ വുഡൻ എം.ഡി.എഫ്. പാനൽ പ്രൈവറ്റ് ലിമിറ്റഡ്.കണ്ണൂർ ജില്ല (2) എണ്ണം വി.എം.പി.എസ് ഫുഡ് പാർക്ക്സ് ആന്റ് വെന്ചേഴ്സ് എൽ.എൽ.പി.. മെ. ഹരിതപബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്, എറണാകുളം (2 എണ്ണം)-മെ. അവിഗ്നജയ പ്രൈവറ്റ് ലിമിറ്റഡ്. മെ. ടഫ് പോളി റസിൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്. എന്നീ 8 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**<u>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി</u>**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ വ്യവസായിക ഉത്പാദനം പ്രോത്സാഹിപ്പിച്ച് വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുന്നതിനും പഠനത്തോടൊപ്പം ജോലി എന്ന ലക്ഷ്യം നടപ്പാക്കുന്നതിനും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ വ്യവസായ സംരംഭങ്ങളിൽ apprenticeship/internship അവസരം നൽകി സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തമാക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.

ഇതുവരെ 10 കാമ്പസ് വ്യവസായ പാർക്കുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 3 ക്യാമ്പസ് വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ